**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. കൃഷ്ണേന്ദു കെ. ഫയൽ ചെയ്ത WP(C)No. 30778/2022-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 27.09.2022-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2218/2023/GEDN തീയതി, തിരുവനന്തപുരം, 29-03-2023

---

പരാമർശം:-

1. പാലക്കാട് ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർശ്രീമതി. കൃഷ്ണേന്ദു കെ. സർക്കാരിൽ സമർപ്പിച്ച 01/08/2022 തീയതിയിലെ പുനഃപരിശോധനാ ഹർജി(Ext.P10).
2. ബഹു. കേരള ഹൈക്കോടതിയുടെ 27.09.2022-ലെ W.P.(C) No. 30778/2022-ന്മേലുള്ള വിധിന്യായം.
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/11/2022 തീയതിയിലെ DEOOTP/11248/2022-B5 നമ്പർ കത്ത്.
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ തീയതി രേഖപ്പെടുത്താത്ത DDEPKD/2756/2022-B5 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/11/2022 തീയതിയിലെ ഇഎം1/15190/2022/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. കൃഷ്ണേന്ദു കെ. ഫയൽ ചെയ്ത WP(C)No. 30778/2022-ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരി

സർക്കാരിൽ സമർപ്പിച്ച പരാമർശം (1) (Ext.10) പുനഃപരിശോധനാ ഹർജി P4(a), P7, P7(a), P11, P11(a), P11(b), P14 എന്നിവ പരിശോധിച്ച് ഹർജിക്കാരിയെയും 5, 6 എതിർകക്ഷികളായ സ്കൂൾ മാനേജരെയും പ്രഥമാദ്ധ്യാപകനെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവായി. അപ്രകാരം ഹർജിക്കാരിയെയും ബന്ധപ്പെട്ടവരെയും 30.11.2022 തീയതിയിൽ ഗൂഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

**2. ഹർജിക്കാരിയുടെയും മാനേജരുടെയും പ്രഥമാധ്യാപകന്റെയും പ്രതിനിധികൾ ഉന്നയിച്ച പൊതുവായ വാദങ്ങൾ ചുവടെ ചേർക്കുന്നു:**

”ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ 2019-20 വർഷം അനുവദിച്ച അധിക യു.പി.എസ്.റ്റി. തസ്തികയിൽ ശ്രീമതി.കൃഷ്ണേന്ദു കെ.യെ യു.പി.എസ്.റ്റി ആയി 14-06-2019 മുതൽ നിയമനം നടത്തി. നിയമന ഉത്തരവിലും സി.എസ്. സ്റ്റേറ്റുമെന്റിലും ഒഴിവ് ചൂണ്ടി കാണിച്ചത് as per Order No. 53/M1/2018/TVM/G.Edn dated 27.02.2019 എന്നാണ്. നിയമനാംഗീകാരത്തിനായി സമർപ്പിച്ച പ്രപ്പോസൽ അധികതസ്തിക നിയമനത്തിൽ 1:1 അനുപാതത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചില്ല എന്ന കാരണത്താൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉന്നയിച്ച അതേ കാരണത്താൽ നിരസിച്ചു. തുടർന്ന്, സർക്കാർ അധികതസ്തിക ഒഴിവുകളിൽ നടത്തിയ നിയമനങ്ങളിൽ 06-02-2021-ലെ 04/2021/പൊ.വി.വ. പ്രകാരം സമ്മതപത്രം സമർപ്പിക്കുന്ന സ്കൂളുകളിലെ നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിച്ചു നല്കി. 06-02-2021 മുതൽ സാമ്പത്തിക ആനുകൂല്യവും നല്കാം എന്ന നിയമപ്രകാരം മാനേജർ നിർദ്ദിഷ്ട സമ്മതപത്രത്തോടൊപ്പം പുനർസമർപ്പിച്ച പ്രപ്പോസൽ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ 18-05-2021-ലെ ഉത്തരവ് പ്രകാരം ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു.

ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ 2019-20-ലെ തസ്തിക നിർണ്ണയത്തിൽ അനുവദിച്ച അധിക യു.പി.എസ്.റ്റി. തസ്തിക/ഡിവിഷൻ സർക്കാർ പരിപത്രം ന.53/എം1/2018/പൊ.വി.വ തീയതി 27-02-2018 പ്രകാരം പ്രീ.കെ.ഇ.ആർ. കെട്ടിടങ്ങളുടെ അടിസ്ഥാനത്തിൽ അനുവദിച്ച തസ്തിക/ഡിവിഷൻ ആയി കണക്കാക്കണമെന്ന് ആവശ്യപ്പെട്ട് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സമർപ്പിച്ച അപ്പീൽ നിരസിച്ച് ഉത്തരവായിട്ടുണ്ട്. ടി സ്കൂളിലെ 2019-20 വർഷത്തിലെ വ്യാജ ഡിവിഷനുകളെപ്പറ്റി കേൾക്കൽ നടത്തുകയും ചെയ്തിരുന്നെങ്കിലും ഉത്തരവ് ലഭിച്ചിട്ടില്ല. കൂടാതെ, സ്കൂളിലെ നിയമനങ്ങൾ സംബന്ധിച്ച പരാതികളിൽ

വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. അതിന്റെ ഉത്തരവും ലഭിച്ചിട്ടില്ല.” ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും അതേ കാരണങ്ങളാൽ നിരസിച്ചു. ഇവിടെ 05-06-2021-ലെ മാനേജരുടെ അപ്പീൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉന്നയിച്ച അതേ കാരണങ്ങളാൽ നിരസിക്കുന്നത് 13 മാസങ്ങൾക്കുശേഷം 19-07-2022-ലെ ഉത്തരവ് പ്രകാരമാണ്. ഇതിനിടയിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉന്നയിച്ചിരുന്ന തടസവാദങ്ങൾ ഇല്ലാതായതും ജില്ലാ വിദ്യാഭ്യാസ ആഫീസർ തന്നെ ശ്രീമതി.കൃഷ്ണേന്ദുവിന്റെ യു.പി.എസ്.റ്റി. നിയമനം മാനേജരുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിക്കാവുന്നതാണെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച ശുപാർശയും കണക്കിലെടുത്തില്ല. അപ്പലേറ്റ് അധികാരികൾ ഈ രീതിയിൽ ഉത്തരവ് പുറപ്പെടുവിക്കുന്നത് കേരള വിദ്യാഭ്യാസ ചട്ടപ്രകാരമോ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കോ ന്യായീകരിക്കുവാൻ കഴിയുന്നതല്ല. ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ശിപാർശയും തടസവാദങ്ങളുടെ നിലവിലെ സ്ഥിതിയും കണക്കിലെടുത്തിരുന്നു എങ്കിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട കേസിൽ ഉൾപ്പടാതെ നിയമനം അംഗീകരിക്കുമായിരുന്നു. ഈ വസ്തുത ഈ റിവിഷൻ ഹർജിയുടെ പരിശോധനാവേളയിൽ കണക്കിലെടുക്കണമെന്ന് അപേക്ഷിക്കുന്നു.

ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ശ്രീമതി.കൃഷ്ണേന്ദു കെ.യെ നിയമന തീയതി മുതൽ തുടർച്ചയായി യു.പി.എസ്.റ്റി. ആയി അംഗീകരിച്ച് 06-02-2021 മുതൽ സാമ്പത്തിക ആനുകൂല്യം അനുവദിക്കാവുന്നതാണ്.

2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ആഫീസർ അനുവദിച്ച 9ാമത്തെ യു.പി.എസ്.റ്റി തസ്തിക അധിക തസ്തികയായിരുന്നു. എന്നാൽ മുമ്പ് 9 യു.പി.എസ്.റ്റി. തസ്തിക നിലവിൽ ഉണ്ടായിരുന്നു. അതിനാൽ 2019-20 വർഷത്തെ 9ാമത്തെ യു.പി.എസ്.റ്റി. തസ്തിക 27-02-2018-ലെ സർക്കാർ പരിപത്രം പ്രകാരം നിലവിൽ ഉണ്ടായിരുന്ന തസ്തികയുടെ പരിധിയിൽ വരും എന്ന ധാരണയിലാണ് മാനേജർ നിയമന ഉത്തരവിലും സി.എസ്. സ്റ്റേറ്റുമെന്റിലും അധിക ഡിവിഷൻ എന്ന് എഴുതുന്നതിനു പകരം 27-02-2018-ലെ 53/M1/2018/TVM/Gen.Edn എന്ന് എഴുതിയത്. ഈ തസ്തികയെ നിലവിൽ ഉണ്ടായിരുന്ന തസ്തികയായി പരിഗണിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സമർപ്പിച്ച അപേക്ഷ ബഹു. ജോയിന്റ് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരിശോധിച്ച് 9ാമത്തെ യു.പി.എസ്.റ്റി. തസ്തിക അധികതസ്തിക തന്നെയെന്ന് ഉത്തരവുണ്ടായി. ഇതനുസരിച്ച് നിയമന ഉത്തരവ് പ്രകാരം നിയമനം അധികതസ്തികയിൽ എന്നു മാറ്റി സമർപ്പിക്കുകയും ചെയ്തു. ശ്രീമതി. കൃഷ്ണേന്ദുവിന്റെ 14-06-2019 മുതലുള്ള നിയമനം അധിക തസ്തികയിൽ തന്നെ എന്നു അംഗീകരിച്ചതുകൊണ്ടാണ് മാനേജർ 06-02-2021-ലെ സർക്കാർ ഉത്തരവ്. 04/2021/പൊ.വി.വ. പ്രകാരം

ബഹു സുപ്രീംകോടതിയുടെ അന്തിമ വിധിക്കനുസരിച്ച് ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ 1:1 പ്രകാരം സംരക്ഷിതാദ്ധ്യാപകരെ സ്വീകരിക്കുന്നതാണെന്ന് സമ്മതപത്രം സമർപ്പിച്ചത്. ധാരണപിശകു മൂലവും ക്ലറിക്കൽ തകരാർ കാരണവും നിയമന ഉത്തരവിൽ 53/M1/2018/പൊ.വി.വ തീയതി 27-02-2018 പ്രകാരമുള്ള തസ്തിക എന്ന് എഴുതിയത് മാപ്പാക്കി നിയമനാംഗീകാര പ്രപ്പോസൽ പുനഃസമർപ്പിക്കുമ്പോൾ നിയമന ഉത്തരവിലും സി.എസ്. സ്റ്റേറ്റുമെന്റിലും 2019-20 വർഷത്തെ അധികതസ്തിക എന്നെഴുതി സമർപ്പിക്കുവാൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

ചുനങ്ങാട് എ.വി.എം.എച്ച്.എസ്. 2019-20 വർഷം കോഴിക്കോട് സുപ്പർചെക്ക് സെൽ പരിശോധന നടത്തി സ്റ്റാൻഡേർഡ് VIII-ഉം IX-ഉം ഉൾപ്പടെ 23 കൃത്രിമ അഡ്മിഷനുകൾ ഉണ്ടെന്ന് ആദ്യ പരിശോധനയിൽ റിപ്പോർട്ടു ചെയ്തിരുന്നു. കൃത്രിമ അഡ്മിഷൻ എന്ന് രേഖപ്പെടുത്തിയ കുട്ടികളിൽ ചിലർ സ്കൂളിൽ തുടർന്നു വരുന്നു എന്നും, ചിലർ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതായി തെളിഞ്ഞതിനെ തുർന്ന് പുനഃപരിശോധന നടത്താൻ സർക്കാർ നല്കിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് 07-07-2022-ൽ കൃത്രിമ അഡ്മിഷന്റെ പരിധിയിൽ 13 കുട്ടികൾ മാത്രമേ വരുന്നുള്ളു എന്ന് കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡേർഡ് IX-ലെ ഒരു ഡിവിഷനും ഒരു തസ്തികയും അബോളിഷ് ചെയ്യുവാൻ 22-07-2022-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസ്.സി./28/2020/കെ.കെ.ഡി നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചു. ഇതനുസരിച്ച് 2019-20 വർഷത്തെ തസ്തിക പുനർനിർണ്ണയം നടത്താനും ഡി.പി.ഐ. നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസർ 02-08-2022 തീയതിയിലെ ബി5/8211/2019 നമ്പർ ഉത്തരവ് പ്രകാരം ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിന്റെ തസ്തിക പുനർനിർണ്ണയിച്ച് ഉത്തരവായി. പുതുക്കിയ ഉത്തരവ് പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ 11 ഡിവിഷനുകളും യു.പി.വിഭാഗത്തിൽ 9 ഡിവിഷനുകളും അനുവദിച്ചു. സ്റ്റാൻഡേർഡ് IX-ൽ അനുവദിച്ചിരുന്ന അധികഡിവിഷൻ മാത്രമാണ് ക്യാൻസെൽ ചെയ്തത്. അതിനാൽ നിലവിലുണ്ടായിരുന്ന അദ്ധ്യാപകരാരും പുറത്തായില്ല. ഫ്രഷ് ആയി നേരിട്ട് എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) ആയി നിയമിച്ചിരുന്ന അദ്ധ്യാപികയെ പുറത്താക്കുകയും ചെയ്യു. യു.പി.വിഭാഗത്തിൽ അനുവദിച്ചിരുന്ന അധികതസ്തിക ഉൾപ്പടെ 9 തസ്തികയും അനുവദിച്ചിട്ടുണ്ട്. തസ്തികനിർണ്ണയ ഉത്തരവിന്റെ അനുബന്ധം II-ൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നിർദ്ദേശം ഇങ്ങനെ "യു.പി.യിൽ ഒരു അധിക ഡിവിഷനും അധിക യു.പി.എസ്.റ്റി. തസ്തികയും ആദ്യം അനുവദിച്ചത് നിലനില്ക്കുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ ഒരു ഡിവിഷനും എച്ച്.എസ്.റ്റി. ഫിസിക്കൽ സയൻസ് തസ്തികയും നഷ്ടപ്പെടുന്നു. മറ്റ് എല്ലാ തസ്തികകളും ആദ്യം അനുവദിച്ചത് മാറ്റമില്ലാതെ തുടരുന്നു. 2) അധിക എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ 14-06-2019 മുതൽ നിയമിച്ചിരുന്ന ശ്രീമതി.ഷബന യു.

എന്ന അദ്ധ്യാപികയ്ക്ക് തസ്തിക ഇല്ലാത്തതിനാൽ (നിയമനം നിരസിച്ചിട്ടുണ്ട്) റോളിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം, സൂപ്പർചെക്ക് സെൽ പരിശോധന നടത്തി ഫൈനൽ റിപ്പോർട്ടു ലഭിച്ചില്ല എന്നുള്ളതും തസ്തിക ഇല്ല എന്നുള്ളതും അടിസ്ഥാനരഹിതമാണ്. ഡിവിഷനുകൾ കുറഞ്ഞില്ലെങ്കിലും ഹാജരില്ലാതിരുന്ന കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങൾ നല്കിയതിന്റെ പേരിലോ ഉച്ചക്കഞ്ഞി വിതരണത്തിന്റെ പേരിലോ സ്കോളർഷിപ്പ് വിതരണം നടത്തിയതിലോ സർക്കാരിനുണ്ടായ നഷ്ടം അതിനുത്തരവാദികളിൽ നിന്ന് തിരിച്ചു പിടിക്കാൻ നിർദ്ദേശിച്ചാൽ ബന്ധപ്പെട്ട അദ്ധ്യാപകൻ അത് തിരിച്ചടയ്ക്കും. അല്ലാതെ യു.പി.വിഭാഗത്തിലെ അർഹതപ്പെട്ട നിയമനാംഗീകാരം നിരസിക്കുന്നത് ചട്ടവിരുദ്ധവും നിലനില്ക്കാത്തതുമാണ്. ഇപ്രകാരം സൂപ്പർചെക്ക് സെല്ലിന്റെ വിസിറ്റുമായി ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസറുടെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെയും തടസവാദങ്ങൾ നിലനിൽക്കുന്നില്ല.

സ്കൂളിലെ നിയമനങ്ങളെ സംബന്ധിച്ച പരാതി, അതിൽ 1:1 അനുപാതം പാലിച്ചില്ല എന്നതാണ്. ഇതു സംബന്ധിച്ച് 08-12-2021-ൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അപ്പീലിന് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കുന്നതിങ്ങനെ "1:1 പാലിച്ചിട്ടില്ല എന്നാണ് കൊട്ട പറമ്പിൽ ബഷീർ, ചെർപ്പ്ലശ്ശേരി ഉന്നയിച്ച പരാതി. G.O.(P) 4/2021/പൊ.വി.വ തീയതി 06-02-2021 പ്രകാരം 1:1 അനുപാതം പാലിക്കാതെ സത്യപ്രസ്താവന നടത്തിയാൽ നിയമനം അംഗീകരിക്കാം എന്നിരിക്കെ ഇത്തരത്തിലുള്ള പരാതിയിൽ കഴമ്പില്ല എന്നു കാണുന്നു. സുപ്പർചെക്ക് സെൽ പരിശോധനയുമായി ബന്ധപ്പെട്ട രണ്ടാമത്തെ നിരസന കാരണം നിലനില്ക്കുന്നില്ല. 2019-20 വർഷത്തെ തസ്തിക നിർണ്ണയം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരം പുനർനിർണ്ണയം നടത്തി 2 ഡിവിഷനുകളും അനുബന്ധ തസ്തികകളും കുറവ് ചെയ്തെങ്കിലും (02-08-2022-ലെ പുനർനിർണ്ണയത്തിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ അബോളിഷ് ചെയ്ത 2 ഡിവിഷനുകളിൽ ഒരെണ്ണം പുനസ്ഥാപിച്ചു.) ഇതേ കാലയളവിൽ 3 സീനിയർ അപ്പോയിന്റിമാരുടെ ചുവടെ ചേർക്കുന്ന നിയമനങ്ങൾ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിക്കുകയും ചെയ്തു.

1. ശ്രീമതി.രാധിക ആർ. യു.പി.എസ്.റ്റി. അധിക തസ്തികയിൽ 15-07-2017 മുതൽ, ഉത്തരവ് നമ്പർ B5/22472/2021 തീയതി 23-09-2021.
2. ശ്രീമതി.അമ്പിളി കെ.കെ. എൽ.ജി.(ഹിന്ദി) അധിക തസ്തികയിൽ 15-07-2018 മുതൽ, ഉത്തരവ് നമ്പർ B5/22473/2021 തീയതി 06-10-2021.
3. ശ്രീമതി.മഞ്ജുഷ എ., യു.പി.എസ്.റ്റി. അധിക തസ്തികയിൽ 11-06-2018 മുതൽ, ഉത്തരവ് നമ്പർ B5/22471/2021 തീയതി 23-09-2021.

ശ്രീ.ബഷീറിന്റെ പരാതി നിലനില്ക്കുമ്പോഴാണ് ഈ നിയമനങ്ങൾ അംഗീകരിച്ചത്. നിയമനങ്ങളിൽ 1:1 പാലിച്ചില്ല എന്ന പരാതി 06-02-2021-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നില്ല. അതിനാലാണ് ഈ നിയമനങ്ങൾ അംഗീകരിച്ചത്. അധികതസ്തികയിലെ 4 നിയമനങ്ങൾ

അംഗീകരിക്കുവാൻ ഉണ്ടായിരുന്നതിൽ പരാതി പരിശോധിച്ച് നിലനില്ക്കുന്നില്ല എന്ന് കണ്ടെത്തിയതിനാൽ 3 എണ്ണം അംഗീകരിക്കുകയും ഒരെണ്ണത്തിനു മാത്രം നിലനിൽക്കാത്ത തടസവാദം ഉന്നയിച്ച് നിരസിച്ചത് ഒരു നിയമനത്തിനു സാധൂകരിക്കുവാൻ കഴിയുന്നതല്ല.

അപ്പീൽ ഉത്തരവിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർ ഉന്നയിച്ച തടസവാദം നിലനില്ക്കുന്നു എന്ന് പറയുന്ന വിദ്യാഭ്യാസ ഉപഡയറക്ടർ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നിശ്ചിത മാതൃകയിലുള്ള അപ്പീൽ റിമാർക്ക് വായിച്ചു പോലും നോക്കിയിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അപ്പീൽ റിമാർക്കിന്റെ അവസാന ഭാഗം ഇങ്ങനെയാണ് "2016-17 മുതൽ 2019-20 വരെ അധിക തസ്തികയിൽ നിയമിതരായവരുടെ കാര്യത്തിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതാണെന്ന് / ഭാവിയിൽ നിയമിക്കുമെന്ന സത്യപ്രസ്താവന മാനേജർ നൽകുന്നുവെങ്കിൽ പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് 06-02-2021-ലെ സ.ഉ.(പി)നം. 4/2021/പൊ.വി.വ. പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം വ്യക്തമായി മാനേജർ സമ്മതപത്രം നൽകിയാൽ നിയമനം അംഗീകരിക്കാവുന്നതാണെന്ന് വ്യക്തമായി റിപ്പോർട്ടു നൽകിയിട്ടും വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി. കൃഷ്ണേന്ദുവിന്റെ നിയമനം നിയമന തീയതി മുതൽ അംഗീകരിക്കുവാൻ നിർദ്ദേശിക്കാതിരുന്നത് ഒരു നിയമത്തിനും സാധൂകരിക്കുവാൻ കഴിയുന്നതല്ലെന്ന് വിനയപുരസ്സരം സമർപ്പിക്കുന്നു.

2019-20 വർഷം 9 യു.പി.എസ്.റ്റി. തസ്തികകളിൽ ചുവടെ പേരു ചേർക്കുന്ന പരാതിക്കാരി ഉൾപ്പെടെ 9 പേരെ മാത്രമേ നിലനിർത്തിയിട്ടുള്ളു. ഇതിൽ 8 പേരുടെ നിയമനവും അംഗീകരിച്ചതാണ്. പരാതിക്കാരിയായ 9ാമത്തെ ശ്രീമതി.കൃഷ്ണേന്ദുവിന്റെ നിയമനം മാത്രമാണ് അംഗീകരിക്കുവാനുള്ളത്.

| അദ്ധ്യാപികയുടെ പേര് | തുടർച്ചയായി നിയമനം അംഗീകരിച്ച തീയതി |
|---|---|
| 1. ശ്രീമതി. ആർ. രാജശ്രീ | 27.07.1983 |
| 2. ശ്രീമതി. ഐ.ജയശ്രീ | 01.11.1985 |
| 3. ശ്രീമതി. വസന്തജോതി | 09.06.1992 |
| 4. ശ്രീമതി. എൻ.വി.വിനീത | 22.11.1993 |
| 5. ശ്രീമതി. പി.കെ. ബിന്ദു | 18.07.1994 |
| 6. ശ്രീ. കെ.പി.അനിൽ | 17.06.1996 |
| 7. ശ്രീമതി.ആർ.രാധിക | 01.01.2018 |
| 8. ശ്രീമതി. മഞ്ജുഷ എ. | 11.06.2018 |
| 9. ശ്രീമതി.കൃഷ്ണേന്ദു കെ. | 14.06.2019 (പരാതിക്കാരിയുടെ നിയമനം അംഗീകരിച്ചിട്ടില്ല). |

ഇപ്രകാരം അനുവദിക്കപ്പെട്ട 9 തസ്തികകളിൽ 9- ാമതായി ശ്രീമതി. കൃഷ്ണേന്ദുവിന് അംഗീകരിക്കുന്നതിന് തടസം ഒന്നും ഇല്ലാത്തതാണ്.

യഥാസമയം നിയമനം അംഗീകരിച്ചിരുന്നെങ്കിൽ ശ്രീമതി. കൃഷ്ണേന്ദുവിന്റെ നിയമനാംഗീകാരം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട തടസത്തിൽ ഉൾപ്പെടുമായിരുന്നില്ല. എന്നാൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ നിലവിലുള്ള തയ്യൽ അദ്ധ്യാപിക തസ്തിക ഭിന്നശേഷി വിഭാഗത്തിൽ ഉള്ളവരെ നിയമിക്കുവാനായി മാറ്റി വച്ച് **PWD, Ernakulam** മേഖല എംപ്ലോയ്മെന്റ് ആഫീസർക്ക് യോഗ്യരായ ഉദ്യോഗാർത്ഥിയെ ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് തടസം ഒഴികെ മറ്റ് തരത്തിൽ നിയമനം അംഗീകരിക്കുന്നതിന് അർഹതപ്പെട്ട കേസുകൾക്ക് നിയമനം അംഗീകരിച്ച് ദിവസവേതനത്തിൽ ശമ്പളം നല്കുവാൻ സർക്കാർ 28-10-2022-ലെ പൊ.വി.വ./J3/49/2021 ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ശമ്പളത്തിന് തടസം ഉണ്ടായാൽ നിയമനം അംഗീകരിച്ച് ദിവസവേതനത്തിൽ ശ്രീമതി. കൃഷ്ണേന്ദുവിന് ശമ്പളം നൽകാൻ നിർദ്ദേശിക്കണം എന്നും അപേക്ഷയുണ്ട്.

മുകളിൽ വ്യക്തമാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ റിവിഷൻ ഹർജി അനുവദിച്ച് ശ്രീമതി. കൃഷ്ണേന്ദുവിന് 2019-20 വർഷത്തെ അധിക തസ്തികയിൽ നിയമന തീയതി മുതൽ അംഗീകരിക്കുവാൻ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു."

**3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.**

"ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ, ഒഴിവ് ഏതെന്ന് വ്യക്തമാക്കാതെ, പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങൾ തസ്തിക നിർണയത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച സർക്കാർ പരിപത്രം നം.53/എം1/2018/പൊ.വി.വ തീയതി 27/2/2018 ഒഴിവിന്റെ സ്ഥാനത്ത് കാണിച്ച് യു.പി.എസ്.ടി. ആയി മാനേജർ ശ്രീമതി. കൃഷ്ണേന്ദു കെ.യെ 14/6/2019 മുതൽ നിയമിച്ച് നിയമനം അംഗീകരിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത നിയമനം, കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(2) പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതത്തിൽ സംരക്ഷിതാധ്യാപകരെയാണ് നിയമിക്കേണ്ടത് എന്ന കാരണത്താൽ ഈ ഓഫീസിലെ 4/1/2020-ലെ ഉത്തരവ് നമ്പർ ബി5/12629/2019 പ്രകാരം നിരസിച്ചുത്തരവായി. (അധിക തസ്തികയിൽ ആണ് ഒഴിവു ഉണ്ടായിരുന്നത്)

നിയമനം നിരസിച്ചതിനെതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും ഇതേ കാരണത്താൽ നിരസിച്ചുത്തരവായി.

തുടർന്ന്, സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 4/2021/പൊ.വി.വ തീയതി

6/2/2021 പ്രകാരം, 2016-17 മുതൽ 2019-20 വരെ അധിക തസ്തികകളിൽ നിയമിതരായവരുടെ കാര്യത്തിൽ, സംരക്ഷിത അധ്യാപകരുടെ നിയമനം സംബന്ധിച്ച് കോടതി വിധികൾക്ക് വിധേയമായി ഭാവിയിൽ നിയമനം നടത്തുമെന്ന സത്യപ്രസ്താവന മാനേജർ നൽകുന്നുവെങ്കിൽ നിയമനത്തീയതി മുതൽ നോഷണൽ ആയി അംഗീകാരം നൽകുവാനും ഉത്തരവു തീയതിയായ 6/2/2021 മുതൽ സാമ്പത്തികാനുകൂല്യം നൽകുവാനും സർക്കാർ ഉത്തരവായി. നേരത്തെ ഇക്കാരണത്താൽ നിരസിച്ച നിയമനങ്ങൾ അപ്പലേറ്റ് ഉത്തരവില്ലാതെ പരിഗണിക്കുവാനും നിർദ്ദേശം നൽകി.

അതിന്റെ അടിസ്ഥാനത്തിൽ, മാനേജർ നൽകിയ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശ്രീമതി. കൃഷ്ണേന്ദുവിന്റെ നിയമനാപേക്ഷ പുനഃപരിശോധിച്ചു. താഴെ പറയുന്ന കാരണങ്ങളാൽ നിയമനം വീണ്ടും ഈ ഓഫീസിൽ നിന്നും ഉത്തരവ് നമ്പർ B5/21907/2021 തീയതി 18/05/2021 പ്രകാരം നിരസിച്ചു.

1) ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ 2019-20-ലെ തസ്തിക നിർണയത്തിൽ അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തിക/ഡിവിഷൻ സർക്കാർ പരിപത്രം നം.53/എം1/2018/പൊ.വി.വ തീയതി 27/2/2018 പ്രകാരം പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങളുടെ അടിസ്ഥാനത്തിൽ അനുവദിച്ച തസ്തിക/ഡിവിഷൻ ആയി കണക്കാക്കണമെന്ന് ആവശ്യപ്പെട്ട് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സമർപ്പിച്ച അപ്പിൽ നിരസിച്ച് ഉത്തരവായിരുന്നു.

2) ടി സ്കൂളിലെ 2019-20 വർഷത്തിലെ വ്യാജ അഡ്മിഷനുകളെ പറ്റി സൂപ്പർചെക്ക് സെൽ പരിശോധന നടത്തുകയും വാദം കേൾക്കൽ നടത്തുകയും ചെയ്തിരുന്നുവെങ്കിലും അന്തിമ ഉത്തരവ് ലഭിച്ചിരുന്നില്ല.

3) പ്രസ്തുത സ്കൂളിലെ നിയമനങ്ങൾ സംബന്ധിച്ച പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തിയിരുന്നുവെങ്കിലും ഉത്തരവ് ലഭിച്ചിട്ടില്ല.

പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന വസ്തുതകൾ റിപ്പോർട്ട് ചെയ്യുന്നു :

1) ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ 2019-20-ലെ തസ്തിക നിർണയത്തിൽ അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തിക/ഡിവിഷൻ സർക്കാർ പരിപത്രം നം.53/എം1/2018/പൊ.വി.വ തീയതി 27/2/2018 പ്രകാരം പ്രീ-കെ.ഇ.ആർ. കെട്ടിടങ്ങളുടെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഡിവിഷൻ ആയി കണക്കാക്കണമെന്ന് ആവശ്യപ്പെട്ട് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും സമർപ്പിച്ച അപ്പീൽ നിരസിച്ച് ഉത്തരവായിരുന്നു.

നിയമനം 2019-20-ൽ അനുവദിച്ച അധിക തസ്തികയിൽ ആണ് എന്ന് കാണിച്ച് മാനേജർ തെറ്റ് തിരുത്തിയ നിയമന ഉത്തരവ് സമർപ്പിക്കുകയാണെങ്കിൽ, നിയമനം നിരസിച്ച ഈ കാരണം നിലനിൽക്കുന്നതല്ല എന്ന് കാണുന്നു. 2019-20 വർഷത്തിൽ ചുനങ്ങാട്

എ.വി.എം. ഹൈസ്കൂളിലേക്ക് ഒരു അധിക യു.പി.എസ്.ടി. തസ്തിക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ ശ്രീമതി. കൃഷ്ണേന്ദുവിന് നിലനിൽക്കാൻ തസ്തിക ഉണ്ട്.

2. ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ 2019-20 വർഷത്തെ ബോഗസ് അഡ്മിഷനുമായി ബന്ധപ്പെട്ട്, വ്യാജ അഡ്മിഷൻ ആണെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയ കുട്ടികളെ ഒഴിവാക്കി ഡിവിഷനുകളും അനുബന്ധ തസ്തികകളും കുറവ് ചെയ്യുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിരുന്നെങ്കിലും ശ്രീമതി.കൃഷ്ണേന്ദുവിന്റെ നിയമനം പരിഗണിക്കുന്ന സമയത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അന്തിമ ഉത്തരവ് ലഭിച്ചിരുന്നില്ല. പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നമ്പർ. എസ്.സി/28/2020/കെകെഡി തീയതി. 3/9/2021 പ്രകാരം ഉത്തരവ് ലഭിക്കുകയും അതിലെ നിർദ്ദേശ പ്രകാരം, ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ വ്യാജ അഡ്മിഷൻ ആണെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയ 23 കുട്ടികളെ ഒഴിവാക്കി എട്ട്, ഒമ്പത് ക്ലാസ്സുകളിലെ ഓരോ ഡിവിഷനും ഒരു HST ഫിസിക്കൽ സയൻസ് തസ്തികയും, ഒരു HSTഗണിതം തസ്തികയും കുറവ് ചെയ്ത് ഈ ഓഫീസിൽ നിന്നും ടി സ്കൂളിന്റെ 2019-20-ലെ തസ്തിക നിർണയം 23/9/2021-ലെ ഉത്തരവ് നമ്പർ. ബി5/46493/2019 പ്രകാരം പുനർനിർണ്ണയം നടത്തി. HST യിൽ നിന്നും ആരെയും റിവർട്ട് ചെയ്യുകയോ UPST തസ്തികയിൽ നിന്നും ആരും പുറത്തു പോകുകയോ ചെയ്തിട്ടില്ല.

പ്രസ്തുത കുട്ടികളിൽ ചിലർ തുടർന്ന് സ്കൂളിൽ ഹാജരായിട്ടുണ്ടെന്ന് കാണിച്ച് മാനേജർ സർക്കാരിൽ സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 1358/2022/G.Edn തീയതി 5/3/2022 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ. എസ്.സി/28/2020/കെ.കെ.ഡി തീയതി 22/7/2022 നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, വ്യാജ അഡ്മിഷൻ ആണെന്ന് കണ്ടെത്തിയ 13 കുട്ടികളെ ഒഴിവാക്കി വീണ്ടും ടി സ്കൂളിന്റെ തസ്തിക നിർണയം 23/9/2021-ലെ ഉത്തരവ് നമ്പർ ബി 5/46493/2019 റദ്ദാക്കി, ഒമ്പതാം ക്ലാസ്സിലെ ഒരു ഡിവിഷനും ഒരു HST ഫിസിക്കൽ സയൻസ് തസ്തികയും കുറവ് ചെയ്ത് ഈ ഓഫീസിലെ 2/8/2022-ലെ ഉത്തരവ് നമ്പർ ബി5/8211/2019 പ്രകാരം പുനർനിർണ്ണയിച്ചു. പുനർനിർണ്ണയിച്ച ഉത്തരവ് പ്രകാരം ആദ്യത്തെ തസ്തിക നിർണ്ണയത്തിൽ (ഉത്തരവ് നമ്പർ ബി5/46493/2019 തീയതി 18/7/2019) അനുവദിച്ച UP-യിലെ അധിക ഡിവിഷനും അധിക UPST തസ്തികയും നഷ്ടപ്പെട്ടിട്ടില്ല. ശ്രീമതി കൃഷ്ണേന്ദുവിന് നിലനിൽക്കാൻ തസ്തിക ഉണ്ട്. തസ്തിക നഷ്ടപ്പെട്ട HST ഫിസിക്കൽ സയൻസ് അധ്യാപികയ്ക്ക് നിയമനാംഗീകാരം ലഭിച്ചിരുന്നില്ല. തസ്തിക നിർണ്ണയം ഭേദഗതി ചെയ്തതിൽ, UPST തസ്തിക നഷ്ടപ്പെടുന്നില്ല എന്നതിനാൽ നിയമനം നിരസിച്ച ഈ കാരണം നിലനിൽക്കുന്നതല്ല.

ഈ വിഷയത്തിൽ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം സ്കൂൾ

മാനേജറിൽ നിന്നും പ്രധാനാധ്യാപകനിൽ നിന്നും ബന്ധപ്പെട്ട ക്ലാസ് അധ്യാപകരിൽ നിന്നും ഈടാക്കാനും ബന്ധപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാനും പൊതുവിദ്യാഭ്യാസ ഡയറക്ടർ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഈ വിഷയം ശ്രീമതി.കൃഷ്ണേന്ദുവിന്റെ നിയമനത്തെയും തസ്തികയെയും ബാധിക്കുന്നില്ല.

3.ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ 1:1 അനുപാതം പാലിക്കാതെ നിയമനം അംഗീകരിച്ചു നൽകി എന്നാരോപിച്ച്, ശ്രീ. ജിതേന്ദ്രൻ നായർ, ശ്രീ. കോട്ടപ്പറമ്പിൽ ബഷീർ എന്നിവർ സമർപ്പിച്ച പരാതിയിൽ പോലീസ് വിജിലൻസ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ ഓഫിസിൽ നിന്നും ചട്ട പ്രകാരമാണ് നിയമനം അംഗീകരിച്ചത് എന്നും, പരാതിയിൽ കഴമ്പില്ല എന്നും മേലധികാരികൾക്ക് റിപ്പോർട്ട് നൽകിയിരുന്നു. മാത്രമല്ല, സ.ഉ. (അച്ചടി)നം. 4/2021/പൊ.വി.വ തീയതി 6/2/2021 പ്രകാരം മാനേജർ സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കാമെന്നിരിക്കെ ഇത്തരം പരാതികൾ നിലനിൽക്കുന്നതല്ലെന്ന് കാണുന്നു.

അതിനാൽ നിയമനം നിരസിച്ച ഉത്തരവിൽ പറഞ്ഞ കാരണങ്ങൾ ഇപ്പോൾ നിലനിൽക്കുന്നതല്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

എന്നാൽ, റിട്ട് ഹർജി (സി)നമ്പർ 19808/2021-ന്മേൽ 10/8/2022 തീയതി പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 10/8/2022-ലെ അന്തിമ വിധിന്യായ പ്രകാരം 18/11/2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ.18/2018/എസ്.ജെ.ഡി-ന് ശേഷമുള്ള കാലയളവിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം പാലിച്ചേ അംഗീകരിക്കാൻ കഴിയൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി. കൃഷ്ണേന്ദു കെ.യെ 14/6/2019 മുതലാണ് നിയമിച്ചിരിക്കുന്നത് എന്നതിനാൽ ഈ നിയമനം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽ സൂചിപ്പിച്ച ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്.

G.O.(Ms)111/2022/GEDN തീയതി 25/6/2022 ഖണ്ഡിക 9 പ്രകാരം കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 1 (1) പ്രകാരവും, 43, 51 എ, 51 ബി, അധ്യായം 24 എ ചട്ടം 9 എ അവകാശികൾക്ക് വിധേയമായി മാത്രം ഭിന്നശേഷി നിയമനം നടത്തേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. കൂടാതെ 28/10/2022-ലെ സർക്കാർ കത്ത് നമ്പർ പൊ.വി.വ-ജെ3/49/2021/പൊ.വി.വ പ്രകാരം G.O.(Ms) 111/2022/GEDN തീയതി 25/6/2022 ഖണ്ഡിക 9 പ്രകാരം പരാമർശിച്ചിരിക്കുന്ന അവകാശികൾക്ക് നിയമനാംഗീകാരം നൽകുന്നതിൽ തടസ്സമില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി. കൃഷ്ണേന്ദു കെ. പ്രസ്തുത അവകാശികളിൽപെടുന്നില്ല.

അതിനാൽ നിയമനം നിരസിച്ച ഉത്തരവിൽ പറയാത്ത ഈ കാരണം

ഇപ്പോൾ നിലനിൽക്കുന്നതായി അറിയിക്കുന്നു.

സ.ഉ.(അച്ചടി)നം. 4/2021/പൊ.വി.വ തീയതി 6/2/2021 പ്രകാരം മാനേജർ സമർപ്പിച്ച സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ടി സ്കൂളിലെ മറ്റ് അധ്യാപകരുടെ നിയമനം അംഗീകരിച്ചു നൽകി എന്ന് ഹർജിക്കാരി ആരോപിച്ചിരിക്കുന്ന അധ്യാപകർ ശ്രീമതി. കൃഷ്ണേന്ദുവിനേക്കാളും സീനിയറും ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ 2019-20-ലെ സൂപ്പർ ചെക്ക് പരിശോധനയുമായി ബന്ധപ്പെട്ട വിഷയത്തിന് മുമ്പ് നിയമനം ലഭിച്ചവരും ആണ്. നിയമനം ഈ ഓഫീസിൽ നിന്നും നിരസിച്ചതിനെതിരെ മാനേജർ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പിൽ ആ കാര്യാലയത്തിൽ നിന്നും നിരസിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിഗണനയിൽ ആണ് എന്ന വിവരവും അറിയിക്കുന്നു."

**4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു:**

പാലക്കാട് പ്രവർത്തിക്കുന്ന ചുനങ്ങാട് എ.വി.എം ഹൈസ്കൂൾ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ വരുന്നു. 2019-20 വർഷത്തിൽ അനുവദിച്ച അധിക തസ്തികയിൽ ശ്രീമതി.കൃഷ്ണേന്ദുവിനെ മാനേജർ 14/06/2019 മുതൽ നിയമിച്ചു സമർപ്പിച്ച അപേക്ഷയിലെ ഫോം 27-ൽ ഒഴിവ് ഏതെന്ന് വ്യക്തമാക്കാതെ 2 അപ്പീൽ അപേക്ഷകൾ (19/01/2020, 25/05/2021 തീയതികളിൽ സമർപ്പിച്ചത്) ലഭ്യമായി. ഒഴിവിന്റെ സ്ഥാനത്ത് കെട്ടിടങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച സർക്കാർ പരിപത്രം നം.53/എം1/2018/പൊ.വി.വ തീയതി 27.2.2018 ഉത്തരവാണ് രേഖപ്പെടുത്തിയത്. പ്രസ്തുത അപ്പീലുകൾ താഴെ പറയുന്ന കാരണത്താൽ നിരസിച്ചു.

അധിക തസ്തികയിൽ 1:1 അനുപാതത്തിൽ സംരക്ഷിതാധ്യാപകരെയാണ് നിയമിക്കേണ്ടത്. 2019-20 വർഷത്തിലെ വ്യാജ അഡ്മിഷനുകളുമായി ബന്ധപ്പെട്ട് സൂപ്പർചെക്ക് സെൽ പരിശോധന നടത്തുകയും ഡിജിഇ.യുടെയും സർക്കാരിന്റെയും നിർദ്ദേശാനുസരണം വ്യാജ അഡ്മിഷൻ മൂലം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം തിരിച്ചുപിടിക്കാനും, ബന്ധപ്പെട്ടവർക്കെതിരെയുള്ള അച്ചടക്ക നടപടിയും സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ, പ്രസ്തുത സ്കൂളിലെ നിയമനങ്ങൾ സംബന്ധിച്ച പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. അതിന്റെ ഉത്തരവും ലഭിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ഈ ഓഫീസിലെ 22.04.2020-ലെ ബി5/210932/2020 പ്രകാരവും 19.07.22-ലെ ബി 5/213588/2021 ഉത്തരവ് പ്രകാരവും നിരസിച്ചു നൽകി.

തുടർന്ന്, ശ്രീമതി.കൃഷ്ണേന്ദുവിനെ ഇതേ സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി.രാജശ്രീ ആർ. 31.03.2020-ന് വിരമിച്ച ഒഴിവിൽ മാനേജർ 15/07/2021 മുതൽ നിയമിച്ച അപ്പീൽ അപേക്ഷ 09.11.2021-ന് ഈ

കാര്യാലയത്തിൽ ലഭ്യമായി. അതു താഴെ പറയുന്ന കാരണത്താൽ നിരസിച്ചു.

**2016-17** മുതൽ **2019-20** വരെ **7** അധിക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. **2016-17** മുതൽ **2019-20** വരെയുള്ള അധിക തസ്തികകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിനായി മാനേജർ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. **04/2021**/പൊ.വി.വ പ്രകാരം സത്യപ്രസ്താവന സമർപ്പിച്ചിട്ടുണ്ടെങ്കിലും സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ല; **2019-20** വർഷത്തിലെ വ്യാജ അഡ്മിഷനുകളമായി ബന്ധപ്പെട്ട് സൂപ്പർചെക്ക് സെൽ പരിശോധന നടത്തുകയും ഡിജിഇ.യുടെയും സർക്കാരിന്റെയും നിർദ്ദേശാനുസരണം വ്യാജ അഡ്മിഷൻ മൂലം സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം തിരിച്ചുപിടിക്കാനും, ബന്ധപ്പെട്ടവർക്കെതിരെയുള്ള അച്ചടക്ക നടപടിയും സ്വീകരിച്ചു വരുന്നുണ്ട്ഃ കൂടാതെ പ്രസ്തുത സ്കൂളിലെ നിയമനങ്ങൾ സംബന്ധിച്ച പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. അതിന്റെ ഉത്തരവും ലഭിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ **15.08.2022**-ലെ ബി**5/216444/21** ഉത്തരവ് പ്രകാരം നിരസിച്ചു.

ഒന്നിൽ കൂടുതൽ അപ്പീലുകൾ ലഭ്യമായ സാഹചര്യത്തിൽ ഈ കാര്യാലയത്തിൽ വച്ച് **14/12/2021**-ൽ നടത്തിയ കൂടിക്കാഴ്ചയിൽ റെഗുലർ ഒഴിവിൽ നിയമിച്ച നിയമന അപ്പീൽ പരിഗണിച്ചാൽ മതിയെന്ന് വാക്കാൽ അറിയിച്ചിരുന്നു. പ്രസ്തുത അപ്പീലാണ് നിരസിച്ചിരിക്കുന്നതും അതിലെ നിരസിക്കാനുണ്ടായ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു.

**2019-20** വർഷത്തെ ബോഗസ് അഡ്മിഷനുമായി ബന്ധപ്പെട്ട് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയ **23** കുട്ടികളെ ഒഴിവാക്കി ഡിവിഷനുകളും അനുബന്ധ തസ്തികകളും കുറവ് ചെയ്യുവാനും, സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത തിരിച്ചു പിടിക്കുവാനും നിർദ്ദേശിച്ചിരുന്നു. സാമ്പത്തിക ബാധ്യത സംബന്ധിച്ച ഈ കാര്യാലയത്തിൽനിന്നും മാനേജർക്കു നൽകിയ നോട്ടീസ് മാനേജർ സമർപ്പിച്ച റിട്ട് ഹർജി **17619/22**-ലെ **27.07.22**-ലെ വിധിന്യായപ്രകാരം നോട്ടീസ് ക്വാഷ് ചെയ്തു.

തുടർന്ന് സൂപ്പർചെക്ക് സെൽ കണ്ടെത്തിയ കുട്ടികളിൽ ചിലർ സ്കൂളിൽ തുടർന്ന് ഹാജരായിട്ടുണ്ടെന്ന് കാണിച്ച് മാനേജർ സർക്കാരിൽ സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് സാധാ നം.**1358/2022/G.Edn** തിയതി **05/03/22** പ്രകാരം വീണ്ടും സ്കൂളിൽ സൂപ്പർചെക്ക് പരിശോധന നടത്തുകയും മുമ്പ് കണ്ടെത്തിയ കുട്ടികളിൽ **10** പേരെ ഒഴിവാക്കി ബാക്കി **13** ബോഗസ് അഡ്മിഷൻ ഇപ്പോഴും നിലനിൽക്കുന്നതാണ്. അതിന്മേൽ സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത തിരിച്ചു പിടിക്കുവാൻ നിർദ്ദേശിച്ചു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **22/07/22**-ലെ **SC/28/2020**/കെ.കെ.ഡി ഉത്തരവായി. ഈ നിർദ്ദേശാനുസരണം ഈ കാര്യാലയത്തിൽനിന്നും മാനേജർക്കു വിണ്ടും നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്ന് മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിൽ **29/10/22**-ന് സർക്കാരിൽ കൂടിക്കാഴ്ച നടക്കുകയും

അതു സംബന്ധിച്ചു അന്തിമ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:

ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ ശ്രീമതി. കൃഷ്ണേന്ദു കെ.യുടെ 14/6/2019 മുതലുള്ള യു.പി.എസ്.ടി. നിയമനം അംഗീകരിക്കണമെന്നാണ് പരാതിയിലെ ആവശ്യം. ടിയാളുടെ യു.പി.എസ്.ടി. നിയമനം ഒഴിവ് രേഖപ്പെടുത്താതെ (പ്രീ കെഇആർ കെട്ടിടങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച സർക്കാർ പരിപത്രം ഒഴിവിന്റെ സ്ഥാനത്ത് കാണിച്ച്) സമർപ്പിച്ചത് കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(2) പ്രകാരം അധിക തസ്തികയിൽ 1:1 അനുപാതത്തിൽ സംരക്ഷിതരെയാണ് നിയമിക്കേണ്ടത് എന്ന കാരണത്താൽ ഒറ്റപ്പാലം ഡി.ഇ.ഒ. നിരസിച്ചിരുന്നു. വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീലും ഇതേ കാരണത്താൽ നിരസിക്കപ്പെട്ടു.

സർക്കാർ ഉത്തരവ് (അച്ചടി) 4/2021/പൊ.വി.വ. തീയതി 6/2/2021 പ്രകാരം 2016-2017 മുതൽ 2019-2020 വരെ അധിക തസ്തികകളിൽ നിയമിതരായവരുടെ കാര്യത്തിൽ സംരക്ഷിത അധ്യാപകരുടെ നിയമനം സംബന്ധിച്ച കോടതി വിധികൾക്ക് വിധേയമായി ഭാവിയിൽ നിയമനം നടത്താമെന്ന സത്യപ്രസ്താവന മാനേജർ നൽകുന്നുവെങ്കിൽ നിയമന തീയതി മുതൽ നോഷണൽ ആയി അംഗീകാരം നൽകുവാനും ഉത്തരവ് തീയതിയായ 6/2/2021 മുതൽ സാമ്പത്തികാനുകൂല്യം നൽകാനും നേരത്തേ നിരസിച്ച നിയമനങ്ങൾ അപ്പലറ്റ് ഉത്തരവില്ലാതെ പരിഗണിക്കാനും നിർദ്ദേശം പുറപ്പെടുവിക്കപ്പെട്ടു.

അതിന്റെ അടിസ്ഥാനത്തിൽ പുനഃസമർപ്പിക്കപ്പെട്ട അപേക്ഷ പരിശോധിച്ചത് വീണ്ടും താഴെ പറയുന്ന കാരണങ്ങളാൽ നിരസിക്കപ്പെട്ടു.

1. ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ 2019-2020-ലെ തസ്തിക നിർണ്ണയത്തിൽ അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തിക സർക്കാർ പരിപത്രം നം.53/എം1/2018/പൊ.വി.വ. തീയതി 27/2/2018 പ്രകാരം പ്രീ കെ.ഇ.ആർ. കെട്ടിടങ്ങളുടെ അടിസ്ഥാനത്തിൽ അനുവദിച്ച തസ്തിക ആയി കണക്കാക്കണമെന്ന് ആവശ്യപ്പെട്ട് മാനേജർ സമർപ്പിച്ച അപ്പീൽ നിരസിക്കപ്പെട്ടു.

2. ടി സ്കൂളിലെ 2019-2020-ലെ വ്യാജ അഡ്മിഷനുകളെപ്പറ്റി സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തിയതിന്റെ അന്തിമ ഉത്തരവ് ആയിട്ടില്ല.

3. നിയമനങ്ങൾ സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെയും റിപ്പോർട്ട് ആയിട്ടില്ല.

2019-2020-ൽ ഒരു അധിക തസ്തിക നിലനിൽക്കുന്നുവെന്നും നിയമന ശുപാർശ അധിക തസ്തികയാണെന്ന് കാണിച്ച് തെറ്റുതിരുത്തി സമർപ്പിച്ചാൽ അംഗീകാരം നൽകാനാവുമെന്ന് ഡി.ഇ.ഒ. അഭിപ്രായപ്പെട്ടിട്ടുണ്ട്.

ചുനങ്ങാട് എവിഎം ഹൈസ്കൂളിലെ 2019-2020 വർഷത്തെ ബോഗസ് അഡ്മിഷനുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എസ്.സി/28/2020/കെ.ഡിസ് തിയതി 3/9/2021 ഉത്തരവ് പ്രകാരം ചുനങ്ങാട്

എ.വി.എം. ഹൈസ്കൂളിലെ വ്യാജ അഡ്മിഷൻ ആണെന്ന് സൂപ്പർചെക്ക് സെൽ കണ്ടെത്തിയ **23** കുട്ടികളെ ഒഴിവാക്കി **8,9** ക്ലാസുകളിലെ ഓരോ ഡിവിഷനും ഒരു എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് തസ്തികയും ഒരു ഗണിത തസ്തികയും കുറവ് ചെയ്തു. ടി സ്കൂളിന്റെ **2019-2020**-ലെ തസ്തിക പുനർനിർണ്ണയം ചെയ്തപ്പോഴും **HST, UPST** തസ്തികയിൽ നിന്നും ആരും പുറത്ത് പോയില്ല. ഈ വിഷയം കൃഷ്ണേന്ദുവിന്റെ നിയമനത്തെ ബാധിക്കുന്നില്ല.

എന്നാൽ ബഹു. ഹൈക്കോടതിയുടെ **19808/2021** നം റിട്ട് പെറ്റിഷന്റെ **10/8/2022**-ലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വിധിന്യായം പ്രകാരം **18/11/2018**-നു ശേഷമുള്ള നിയമനങ്ങൾ ഭിന്നശേഷി സംവരണം പാലിച്ചശേഷം മാത്രമെ അംഗീകരിക്കാനാവു. അതിനാൽ **14/6/2019** മുതലുള്ള ശ്രീമതി. കൃഷ്ണേന്ദുവിന്റെ നിയമനം നിലവിൽ അനുവദിക്കാനാവില്ല എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു

**6.** സർക്കാർ ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാരുടെ പരാമർശം **3** മുതൽ **5** വരെ റിപ്പോർട്ടുകൾ ഹർജിക്കാരിയുടെയും മാനേജരുടെയും ഹെഡ്മാസ്റ്ററുടെയും പ്രതിനിധികളുടെ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ചുനങ്ങാട് എ.വി.എം.എച്ച്.എസ്.ൽ **2019-20**-ലെ തസ്തിക നിർണ്ണയത്തിൽ അനുവദിച്ച അധിക യു.പി.എസ്.ടി. തസ്തികയിലുള്ള ഹർജിക്കാരിയുടെ നിയമനം നിയമനതീയതിയായ **14.06.2019** മുതൽ ദിവസവേതനാടിസ്ഥാനത്തിലെങ്കിലും അംഗീകരിച്ച് നൽകുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

ടി വിഷയവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു :

**1.** പ്രീ കെ.ഇ.ആർ. കെട്ടിടങ്ങൾ തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച **27.02.2018** തീയതിയിലെ സർക്കുലർ നമ്പർ **53/എം1/2018**/പൊ.വി.വ. പ്രകാരം, ഒഴിവ് ഏതെന്ന് വ്യക്തമാക്കാതെ മാനേജർ ശ്രീമതി. കൃഷ്ണേന്ദുവിനെ **2019-20** വർഷത്തെ അധിക തസ്തികയിൽ **14.06.2019** മുതൽ **UPST** ആയി നിയമിച്ചു.

**2.** ടി നിയമനം, **KER Chapter XXI** ചട്ടം **7(2)** പ്രകാരം **1:1** അനുപാതത്തിൽ അധിക തസ്തികയിൽ സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടത് എന്ന കാരണത്താൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറും തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു.

**3. G.O.(P)No.4/2021/G.Edn dated 06.02.2021** പ്രകാരം **2016-17** മുതൽ **2019-20** വരെ അധിക തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക്, സംരക്ഷിത അധ്യാപകരെ

ഭാവിയിൽ ഉണ്ടാകുന്ന മുറയ്ക്ക് നിയമിച്ചുകൊള്ളാമെന്ന് മാനേജർ ബോണ്ട് നൽകുന്നുവെങ്കിൽ, നിയമനത്തീയതി മുതൽ നോഷണലായി അംഗീകാരം നൽകുന്നതിന് ഉത്തരവായി.

**4.** ടി സ്ക്കൂളിൽ **2019-20** വർഷം സൂപ്പർചെക്ക് സെൽ നടത്തിയ അന്വേഷണത്തിൽ വ്യാജ അഡ്മിഷൻ കണ്ടെത്തുകയും, തുടർന്ന് തസ്തിക പുനർനിർണ്ണയം നടത്തിയെങ്കിലും എച്ച്.എസ്.ടി.യിൽ നിന്ന് റിവേർഷനോ യു.പി.എസ്.ടി.യിൽ നിന്നും ആരും പുറത്തു പോകുകയോ ഉണ്ടായിട്ടില്ല. അതായത്, ടി സ്ക്കൂളിൽ ശ്രീമതി. കൃഷ്ണേന്ദുവിനെ നിയമിക്കുന്നതിനായി ഒരു അധിക യു.പി.എസ്.ടി. തസ്തിക നിലവിലുണ്ട്.

**5. WP(C)No.19808/2021** കേസിന്റെ **10.08.2022** തീയതിയിലെ ബഹു. ഹൈക്കോടതി വിധി പ്രകാരം **18.11.2018**-ലെ സ.ഉ.(പി)നം.**18/2018/SJD** ഉത്തരവിന് ശേഷമുള്ള കാലയളവിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം പാലിച്ചാൽ മാത്രമേ നിയമനാംഗീകാരം നൽകാൻ കഴിയൂ. ശ്രീമതി. കൃഷ്ണേന്ദുവിന്റെ നിയമനം **14.06.2019** മുതലായതിനാൽ ടി നിയമനം, ടി കോടതി വിധിയുടെ പരിധിയിൽ വരുന്നതാണ്.

**6. G.O.(Ms)No.111/2022/G.Edn dated 25.06.2022**-ന്റെ ഖണ്ഡിക **9** പ്രകാരം, **KER Chapter 14 A** ചട്ടം **1(i)** പ്രകാരവും, **43, 51A, 51** ബി, **Chapter 24 A** ചട്ടം **9A** അവകാശികൾക്ക് വിധേയമായി ഭിന്നശേഷി നിയമനം നടത്തണമെന്ന് ഉത്തരവായിട്ടുണ്ട്. **28.10.2022**-ലെ സർക്കാർ കത്ത് നം. **J3/49/2021/G.Edn** പ്രകാരം ടി അവകാശികൾക്ക് നിയമനാംഗീകാരം നൽകുന്നതിൽ തടസ്സമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി. കൃഷ്ണേന്ദു പ്രസ്തുത അവകാശികളിൽപ്പെടുന്നില്ല.

**7.** വ്യാജ അഡ്മിഷനുമായി ബന്ധപ്പെട്ട് സൂപ്പർചെക്ക് സെൽ നടത്തിയ അന്വേഷണത്തിൽ, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം തിരിച്ചു പിടിക്കുന്നതിനും, ബന്ധപ്പെട്ടവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും നടപടികൾ എടുത്തുവരുന്നുവെന്നും, കൂടാതെ ടി നിയമനങ്ങൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയതിന്റെ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ലെന്നും വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാരണങ്ങളാലാണ് ശ്രീമതി. കൃഷ്ണേന്ദുവിന്റെ നിയമനാംഗീകാരം നിരസിച്ചതെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ വ്യക്തമാക്കുന്നു. എന്നാൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ വാദഗതികൾ നിഷേധിച്ചിട്ടുണ്ട്.

**8.** ശ്രീമതി. കൃഷ്ണേന്ദുവിന്റെ **14.06.2019** മുതലുള്ള നിയമനം നിരസിച്ചതിനെത്തുടർന്ന്, ടിയാളെ യു.പി.എസ്.ടി. ആയ ശ്രീമതി. രാജശ്രീ ആർ. **31.03.2020**-ന് വിരമിച്ച ഒഴിവിൽ മാനേജർ **15.07.2021** മുതൽ നിയമിച്ചുവെങ്കിലും ടി നിയമനവും മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല, വ്യാജ അഡ്മിഷനുമായി ബന്ധപ്പെട്ട നടപടി തുടരുന്നു തുടങ്ങിയ കാരണങ്ങളാൽ വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചു. എന്നാൽ വ്യാജ അഡ്മിഷനുമായി

ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾക്കെതിരെ മാനേജർ ഫയൽ ചെയ്ത WP(C)17619/2022-ന്റെ 27.07.2022-ലെ വിധിന്യായം പ്രകാരം ടി നടപടികൾ ബഹു. കോടതി quash ചെയ്തു.

9. തുടർന്ന്, സൂപ്പർചെക്ക് സെൽ 05.03.2022-ലെ G.O.(Rt)No. 1358/2022/G.Edn-ന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ പരിശോധന നടത്തുകയും, മുമ്പ് bogus എന്നു കണ്ടെത്തിയ 23 കുട്ടികളിൽ 10 പേരെ ഒഴിവാക്കി ബാക്കി 13 പേർക്കെതിരെ അന്വേഷണം നിലനിൽക്കുന്നുവെന്നും, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, വിദ്യാഭ്യാസ ഉപഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്.

10. ശ്രീമതി. കൃഷ്ണേന്ദുവിന് 14.06.2019 മുതൽ നിയമനാംഗീകാരം നൽകുന്നതിന്, ഭിന്നശേഷി സംവരണം ഒഴികെ മറ്റു തടസ്സവാദങ്ങൾ ഒന്നും തന്നെ നിലനിൽക്കുന്നതല്ലെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

11. ശ്രീമതി. കൃഷ്ണേന്ദുവിന്റെ നിയമനാംഗീകാര പ്രൊപ്പോസലിൽ സമയബന്ധിതമായി നടപടി സ്വീകരിക്കാതിരുന്നതിനാലാണ് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട കോടതി വിധി പരിഗണിക്കേണ്ട സാഹചര്യം ഉടലെടുത്തതെന്ന മാനേജരുടെ വാദം നിലനിൽക്കുന്നില്ല.

7. ഹിയറിങ് സമയത്ത് പരിഗണിക്കണമെന്ന് ബഹു. കോടതി വിധിന്യായത്തിൽ പരാമർശിച്ചിരിക്കുന്ന exhibits P4(a) -മാനേജരുടെ സത്യവാങ്മൂലം; P7-ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.9.2021-ലെ തസ്തിക പുനർനിർണയ ഉത്തരവ്; P7(a)-ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 2.8.2022-ലെ തസ്തിക പുനർനിർണയ ഉത്തരവ്; P11-എൽ.ജി.(ഹിന്ദി) ശ്രീമതി അമ്പിളി കെ.കെ.യ്ക്ക് നിയമനാംഗീകാരം നൽകിക്കൊണ്ടുള്ള ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 6.10.2021-ലെ ഉത്തരവ്; P11(a)-ശ്രീമതി മഞ്ജുഷ എ.യ്ക്ക് UPST ആയി നിയമനാംഗീകാരം നൽകിക്കൊണ്ടുള്ള ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.9.2021-ലെ ഉത്തരവ്; P11(b)-ശ്രീമതി രാധിക ആർ.ന് UPST ആയി നിയമനാംഗീകാരം നൽകിക്കൊണ്ടുള്ള ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.9.2021-ലെ ഉത്തരവ്, P14-ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 8.12.2021-ലെ അപ്പീൽ റിമാർക്സ് -എന്നിവയുടെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ചു. 2016-17 മുതൽ 2019-20 വരെ അധിക തസ്തികയിൽ നിയമിതരായവരുടെ കാര്യത്തിൽ സംരക്ഷിത അധ്യാപകനെ നിയമിക്കുന്നതാണെന്ന് / ഭാവിയിൽ നിയമിക്കുമെന്ന സത്യപ്രസ്താവന മാനേജർ നല്കുന്നുവെങ്കിൽ പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് 6.2.2021-ലെ സ.ഉ.(പി) നം.4/2021 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് എന്ന് EXT P-14-ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

8. ശ്രീമതി. കൃഷ്ണേന്ദുവിന്റെ നിയമന പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിച്ച വേളയിൽ ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങളിൽ ഭിന്നശേഷി സംവരണം

ഒഴികെയുള്ളവ നിലനിൽക്കുന്നില്ല എന്ന് വിദ്യാഭ്യാസ ഓഫീസർമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ, വ്യാജ അഡ്മിഷനുമായി ബന്ധപ്പെട്ട് സൂപ്പർചെക്ക് സെൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും തസ്തികനഷ്ടം വരുന്ന സാഹചര്യം ഉണ്ടായിട്ടില്ലെന്നും, ശ്രീമതി. കൃഷ്ണേന്ദുവിനെ നിലനിർത്താൻ തസ്തിക ലഭ്യമാണ് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, ഇതേ സ്കൂളിലെ എൽ.ജി.(ഹിന്ദി), യു.പി.എസ്.ടി. തസ്തികകളിൽ യഥാക്രമം ശ്രീമതി. അമ്പിളി കെ.കെ., മഞ്ജുഷ എ., ശ്രീമതി. രാധിക ആർ. എന്നിവർക്ക് കോടതികളിൽ നിലനിൽക്കുന്ന വിവിധ കേസുകളുടെ അന്തിമവിധിക്ക് വിധേയമായി 2021-ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**9.** മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഹർജിക്കാരിയായ പാലക്കാട് ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി.കെ.കൃഷ്ണേന്ദുവിന്റെ 2019-20 വർഷത്തിൽ അനുവദിച്ച അധികതസ്തികയിലെ നിയമനം, ഒഴിവ് ലഭ്യമെങ്കിൽ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, സ.ഉ.(പി)നം.04/21/പൊ.വി.വ., ജെ2-87/2020 നം കത്ത്, 23/1/2023-ലെ ജി.ഒ.(പി)2/2023/പൊവിവ എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 14.06.2019 മുതൽ നോഷണലായി അംഗീകരിക്കുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുനഃപരിശോധനാ ഹർജി (Ext.P10) തീർപ്പാക്കി, അപ്രകാരം പരാമർശം (2) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**REENA O**

അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
മാനേജർ, എ.വി.എം. ഹൈസ്കൂൾ, ചുനങ്ങാട്, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.വി.എം. ഹൈസ്കൂൾ, ചുനങ്ങാട്, പാലക്കാട്.
ശ്രീമതി.കെ.കൃഷ്ണേന്ദു, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
എ.വി.എം. ഹൈസ്കൂൾ, ചുനങ്ങാട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 29-03-2023 13:39:16
സെക്ഷൻ ഓഫീസർ